# <u>ക്വാറന്റെൻ ലംഘനത്തിന് കേസെടുത്തു</u>

ക്വാറന്റെൻ ലംഘനത്തിന് പുത്തൻകുരിശ്, അയ്യമ്പുഴ എന്നിവിടങ്ങളിൽ പോലീസ് കേസെടുത്തു. സൗത്ത് ഐക്കരനാട് കോലഞ്ചേരി പുന്നയ്ക്കൽ വീട്ടിൽ ബേസിൽ (27), പരിയാരം മീമ്പാറ അത്തിക്കുഴിയിൽ വീട്ടിൽ മുരുകൻ (60) എന്നിവർക്കെതിരെയാണ് പുത്തൻകുരിശ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. കോവിഡ് ബാധിതരായ കുടുംബാംഗങ്ങളുമായി പ്രാഥമിക സമ്പർക്കമുള്ള ഇവർ ക്വാറന്റെൻ നിയമങ്ങൾ ലംഘിച്ച് പുറത്തിറങ്ങി നടക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെടുകയായിരുന്നു.

അയ്യമ്പുഴയിൽ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തിൽ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് കുടുംബസമേതം ഉല്ലസിക്കാൻ എത്തിയ പാലക്കാട് എടത്തറ, ഫോർട്ടുകൊച്ചി, കൊടുങ്ങല്ലൂർ സ്വദേശികളായ സ്ത്രീകളടക്കമുള്ള പത്തു പേർക്കെതിരെയാണ് കേരള പകർച്ചവ്യാധി തടയൽ ഓർഡിനൻസ്- 2021 പ്രകാരം അയ്യമ്പുഴ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തത്. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം അടച്ചിട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ചുള്ള അറിയിപ്പുകളും പ്രദേശവാസികളായ നാട്ടുകാരുടെ എതിർപ്പും അവഗണിച്ചാണ് ഇവർ പുഴയിൽ ഉല്ലസിക്കാൻ ഇറങ്ങിയത്. ഇവരുടെ വാഹനങ്ങളും പോലീസ് പിടിച്ചെടുത്തു. മറ്റൊരു സംഭവത്തിൽ കള്ളുഷാപ്പിൽ വച്ച് മദ്യം വിളമ്പിയതിനാണ് ചുള്ളിയിലെ കള്ളുഷാപ്പ് മാനേജർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. മദ്യ ഷാപ്പുകളും ബാറുകളും അടച്ചിട്ടിരിക്കുന്നതിനാൽ രാവിലെ കള്ള് എത്തുമ്പോൾ തന്നെ പാർസൽ വാങ്ങാനെത്തുന്നവരുടെ തിരക്കുണ്ട്. കള്ള് പാർസൽ ആയി നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം ലംഘിച്ച് ഷാപ്പിലിരുന്ന് മദ്യപിക്കാൻ അവസരം നൽകിയതിനാണ് ഷാപ്പ് നടത്തിപ്പുകാരനും മാനേജരുമായ ചുള്ളി സ്വദേശി സജി എന്ന ആൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്.

ക്വാറന്റെൻ നിയന്ത്രണങ്ങൾ ലംഘിച്ചതിന് വെള്ളിയാഴ്ച റൂറൽ ജില്ലയിൽ ആകെ 106 കേസുകൾ രജിസ്റ്റർ ചെയ്തു. 35 പേരെ അറസ്റ്റ് ചെയ്തു. മാസ്ക്ക് ധരിക്കാത്തതിന് 1905 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിക്കാത്തതിന് 1610 പേർക്കെതിരെയും നടപടി സ്വീകരിച്ചു. നാല് വാഹനങ്ങൾ കണ്ടു കെട്ടി. കോവിഡിന്റെ അതിതീവ്ര വ്യാപന സാഹചര്യത്തിൽ മാനദണ്ഡങ്ങൾ പാലിക്കാതെ പുറത്തിറങ്ങുന്നവർക്കെതിരെയും, മാസ്ക് കൃത്യമായി ധരിക്കാത്തവർക്കെതിരെയും പിഴയും കേസും അടക്കമുള്ള ശക്തമായ നിയമ നടപടികളാണ് ജില്ലയിൽ സ്വീകരിച്ചു വരുന്നതെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് അറിയിച്ചു.